# നിറഞ്ഞ് നിൽക്കുന്നു

**കെ.എ. ജയശീലൻ**



മരം മരത്തിന്റെ സ്വപ്നത്തിൽ
ആഴ്ന്ന് നിൽക്കുന്നു.
അതറിയുന്നില്ല
കിളികൾ തൊടുന്നതും
അണ്ണാൻ ഓടുന്നതും

ഇലകൾ പൊടിയ്ക്കുന്നതിന്റേയും
കായ്കൾ കനക്കുന്നതിന്റേയും
അറിവുകൊണ്ട് മരം നിറഞ്ഞ് നിൽക്കുന്നു

നമ്മൾ വെച്ച അറിവുകൊണ്ട്
നമ്മൾ നിറഞ്ഞുനിൽക്കുന്നു

---

**കാർട്ടൂൺ: പി. മോഹനൻ**

